(ബി) കേന്ദ്രനിയമത്തിനും ചട്ടത്തിനുമനുസൃതമായി നടത്തപ്പെടുന്ന ലോട്ടറി മാത്രമേ സംസ്ഥാനത്തിനകത്ത് വിറ്റഴിക്കപ്പെടുന്നുള്ളു എന്ന് ഉറപ്പു വരുത്താനാണ് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) കേരള പേപ്പർ ലോട്ടറീസ് നിയമം നടപ്പിൽ വരുന്നതിന് മുമ്പ് പൊതു വില്പന നികുതി നിയമപ്രകാരമാണ് ലോട്ടറിക്ക് നികുതി ഈടാക്കിയിരുന്നത്. ബഹു. സുപ്രീം കോടതിയുടെ സൺറൈസ് അസോസിയേറ്റ്സ് കേസ് 28-4-2006-ൽ പ്രസ്താവിച്ച വിധിയിൽ ലോട്ടറി ഗുഡ്സ് അല്ലാ എന്നും അതിന്മേൽ വില്പന നികുതി ചുമത്തുവാൻ സാധ്യമല്ല എന്നും വിധിക്കുക യുണ്ടായി. സൺറൈസ് അസോസിയേറ്റ്സ് കേസിലെ വിധി വന്നതിനുശേഷം പ്രസ്തുത തീയതി വരെയുള്ള നികുതി പിരിച്ചെടുക്കുന്നതിലേക്കായി എല്ലാ ലോട്ടറി അസസ്സ്മെന്റുകളും ധൃതഗതിയിൽ പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം പൂർത്തിയായ അസസ്സ്മെന്റുകൾ ഉൾപ്പെടെ ലോട്ടറി നികുതി ഇനത്തിൽ പിരിഞ്ഞുകിട്ടാനുണ്ടായിരുന്ന കുടിശ്ശിക 9287.41 കോടിരൂപയായിരുന്നു. എന്നാൽ സുഗൽ&ദാമിനി കേസിലെ 27-7-2006-ലെ വിധി പ്രകാരം സൺറൈസ് അസോസിയേറ്റ്സ് വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പിരിച്ചെടുത്ത നികുതി റീഫണ്ട് ചെയ്യേണ്ടതില്ല എന്നും എന്നാൽ സൺറൈസ് കേസിലെ വിധി തീയതി മുതൽ നികുതി പിരിക്കുവാൻ സാധ്യമല്ല എന്നും പ്രസ്താവിച്ചു. അതിനാൽ നിലവിൽ കേരള പൊതു വില്പന നികുതി നിയമപ്രകാരമുള്ള ലോട്ടറിയിന്മേലുള്ള കുടിശ്ശിക ഒന്നും തന്നെ നിലവിലില്ല.

(ഡി) ലോട്ടറി റെഗുലേഷൻ റൂൾസ് 1-4-2010 മുതലാണ് വിജ്ഞാപനം ചെയ്ത് കേന്ദ്രഗവൺമെന്റ് നടപ്പിലാക്കിയത്. അതിനനുസൃതമായ ചില ഭേദഗതികളാണ് ഓർഡിനൻസ് പ്രകാരം കേരള പേപ്പർ ലോട്ടറീസ് നിയമത്തിൽ കൊണ്ടുവന്നത്. അത് നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല.

(ഇ) ഉണ്ട്. "കേന്ദ്ര ലോട്ടറി നിയമ വ്യവസ്ഥകൾ പാലിക്കാത്ത ലോട്ടറി നടത്തിപ്പുകാരിൽ നിന്നും മുൻകൂർ നികുതി സ്വീകരിക്കുന്നതല്ല" എന്ന ഒരു വകുപ്പുകൂടി കൂട്ടിച്ചേർക്കുക എന്ന് ബഹു. മുഖ്യമന്ത്രി നിർദ്ദേശിക്കുകയുണ്ടായി.

അന്യസംസ്ഥാന ലോട്ടറി ടിക്കറ്റുകൾ

190 (256) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിൽപ്പന നടത്തിയിരുന്ന അന്യസംസ്ഥാന ലോട്ടറി ടിക്കറ്റുകൾ റിസർവ് ബാങ്കിന്റെ അനുമതിയില്ലാത്ത ശിവകാശിയിലെ മഹാലക്ഷ്മി പ്രിന്റേഴ്സിലാണ് അച്ചടിക്കുന്നത് എന്ന വസ്തുത കണ്ടെത്തി യിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) രഹസ്യശൃംഖലവഴി അനധികൃതമായി അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വിതരണവും വിൽപ്പനയും നടത്തിയ മേഘാ ഡിസ്ട്രിബ്യൂട്ടേഴ്സിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ ;

(സി) റിസർവ് ബാങ്കിന്റെ അംഗീകരമില്ലാത്ത മറ്റ് ഏതൊക്കെ പ്രസ്സുകളിൽ അച്ചടിച്ച അന്യ സംസ്ഥാന ലോട്ടറികളാണ് കേരളത്തിൽ വിതരണം നടത്തിയിട്ടുള്ളത് ;

(ഡി) മേഘാ ഡിസ്ട്രിബ്യൂട്ടേഴ്സ് റിസർവ് ബാങ്കിന്റെ അനുമതിയില്ലാതെ സ്വന്തമായി ലോട്ടറി മുദ്രാലയങ്ങൾ നടത്തിയിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(ഇ) ഇപ്പോഴും അനധികൃതമായി അച്ചടിക്കുന്ന അന്യസംസ്ഥാന ലോട്ടറി ടിക്കറ്റുകൾ കേരളത്തിൽ വിതരണം നടത്തുന്നുണ്ടോ ;

(എഫ്) ഇത് കർഷനമായി തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) സെക്യൂരിറ്റി പ്രസ്സിനെ സംബന്ധിച്ച കേന്ദ്ര ലോട്ടറീസ് റഗുലേഷൻ ചട്ടം(3) ഉപചട്ടം 5 1-4-2010-ൽ നിലവിൽ വന്നശേഷം മഹാലക്ഷ്മി പ്രിന്റേഴ്സിനെ സംബന്ധിച്ച കേസ് മാത്രമേ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളു.

(ഡി) ഇല്ല. മേഘാ ഡിസ്ട്രിബ്യൂട്ടേഴ്സ് വിതരണം നടത്തുന്ന ലോട്ടറികൾ റിസർവ് ബാങ്കിന്റേയോ ഇന്ത്യൻ ബാങ്ക് അസോസിയേഷന്റേയോ പാനലിൽ ഉൾപ്പെടാത്ത മഹാലക്ഷ്മി പ്രിന്റേഴ്സ് ശിവകാശിയിൽ അച്ചടിച്ചവയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഇ) വിതരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) അന്യസംസ്ഥാന ലോട്ടറികളിൽ നിന്നും കേരളാ പേപ്പർ ലോട്ടറീസ് നിയമപ്രകാരമുള്ള അഡ്വാൻസ് നികുതി ഇപ്പോൾ സ്വീകരിക്കുന്നില്ല. അഡ്വാൻസ് ടാക്സ് അടയ്ക്കാത്ത ടിക്കറ്റുകൾ കേരളത്തിനകത്തേക്ക് കൊണ്ടുവരാനോ വിൽപ്പന നടത്താനോ സാദ്ധ്യമല്ല. അനധികൃതമായി ഇത്തരം ലോട്ടറികൾ സംസ്ഥാനത്ത് വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly